"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജില്ലാ പഞ്ചായത്തുകളുടെ മണ്ണ് പരിശോധനാ പ്രോജക്റ്റുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥരെയും വെറ്റിംഗ് ഉദ്യോഗസ്ഥരെയും നിശ്ചയിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.427/2024/LSGD    തീയതി,തിരുവനന്തപുരം, 22-02-2024

---

പരാമർശം:-

1. മലപ്പുറം, തിരുവനന്തപുരം ജില്ലാ മണ്ണ് പരിശോധന അസിസ്റ്റന്റ് സോയിൽ കെമിസ്റ്റുമാരുടെ 16.04.2022, 16.05.2022 എന്നീ തീയതികളിലെ കത്തുകൾ
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 26.09.2023ലെ TF(2) 10976/2023 നമ്പർ കത്ത്.
3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 22.01.2024-ന് നടന്ന യോഗത്തിന്റെ തീരുമാനം 4.82

**<u>ഉത്തരവ്</u>**

ജില്ലാ പഞ്ചായത്തിന്റെ കാർഷിക ആവശ്യങ്ങൾക്കുള്ള മണ്ണ് പരിശോധനാ പ്രോജക്റ്റുകളുടെ നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ കൃഷി ഡെപ്യൂട്ടി ഡയറക്ടർ (വൈ.പി) ആണ്. ഈ ഉദ്യോഗസ്ഥന്റെ ജോലിഭാരം കണക്കിലെടുത്ത് മണ്ണ് പരിശോധന സംബന്ധിച്ച പ്രോജക്റ്റുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായി ജില്ലാ മണ്ണ് പരിശോധന ലബോറട്ടറിയിലെ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റിനെ നിയമിക്കണമെന്ന് മലപ്പുറം, തിരുവനന്തപുരം ജില്ലകളിലെ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റുമാർ പരാമർശം - 1 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. കാർഷിക ആവശ്യങ്ങൾക്കുള്ള മണ്ണ് പരിശോധനാ പ്രോജക്റ്റുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി മണ്ണ് പരിശോധനാശാലകളിലെ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റുമാരെ നിയോഗിക്കാവുന്നതാണെന്നും ഈ പ്രോജക്റ്റുകളുടെ വെറ്റിംഗ് ഓഫീസർമാരായി അതത് ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർമാരെ നിശ്ചയിക്കാവുന്നതാണെന്നും കൃഷി ഡയറക്ടർ പരാമർശം - 2 പ്രകാരവും ശിപാർശ ചെയ്തിട്ടുണ്ട്.

2. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി അധ്യക്ഷനായ പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ പഞ്ചായത്തുകളുടെ മണ്ണ് പരിശോധനാ പ്രോജക്റ്റുകളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി അതതു ജില്ലയിലെ മണ്ണുപരിശോധനാശാലയിലെ അസിസ്റ്റന്റ് സോയിൽ കെമിസ്റ്റുമാരെ നിശ്ചയിച്ചും ഈ പ്രോജക്റ്റുകളുടെ വെറ്റിംഗ് ഉദ്യോഗസ്ഥനായി അതതു ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസറെ നിശ്ചയിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ.ഉ.(സാധാ) നം.427/2024/LSGD

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
3. ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
4. ഡയറക്ടർ, മണ്ണുപര്യവേക്ഷണ മണ്ണു സംരക്ഷണ വകുപ്പ്
5. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
6. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
7. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
8. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
9. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
10. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
11. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
12. ഡയറക്ടർ ജനറൽ, കില
13. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
14. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
15. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
16. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 23-02-2024 11:29:09

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്